# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മോഹൻലാലിന്റെ വീട്ടിലെ ആനക്കൊമ്പ്**

526 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിനിമാ നടൻ മോഹൻലാലിന്റെ വീട്ടിൽ ആനക്കൊമ്പുകൾ സൂക്ഷിച്ചത് നിയമാനുസരണമാണോ;

(ബി) പരിശോധന നടത്തിയ ഇൻകംടാക്സ് വകുപ്പ് ഇത് സംബന്ധിച്ച വിവരം വനം വകുപ്പിന് നൽകിയിട്ടുണ്ടോ ;

(സി) കുറ്റകൃത്യം ശ്രദ്ധയിൽ പെട്ടിട്ടും പരിശോധന നടത്താത്ത ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കുമോ ;

(ഡി) മോഹൻലാലിന്റെ വീട്ടിൽ സൂക്ഷിച്ചത് യഥാർത്ഥ ആനകൊമ്പുകളാണെന്ന് വിവരാവകാശ നിയമമനുസരിച്ച് വനം വകുപ്പിൽ നിന്ന് ആർക്കെങ്കിലും വിവരം നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വനം സർവ്വെ**

527 **ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം സർവ്വെ ഏറ്റവും ഒടുവിൽ നടത്തിയത് എന്നാണ് ;

(ബി) പ്രസ്തുത സർവ്വെ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) അതിൽ സ്വാഭാവിക വനത്തിന്റെയും വച്ചുപിടിപ്പിച്ച വനത്തിന്റെയും കണക്ക് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ ;

(ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ മരം വച്ചു പിടിപ്പിച്ച ഭാഗം സർവ്വെയിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സാമൂഹിക വനവല്ക്കരണ പദ്ധതി

528

### ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വഴിയോരത്തണൽ പദ്ധതി പ്രകാരം 10 കിലോമീറ്റർ പ്രദേശത്ത് 1000 - ൽ അധികം വൃക്ഷം നട്ടുപരിപാലിക്കുന്ന പൊതാവൂർ എ.യു.പി. സ്കൂൾ ഹരിതസേനയ്ക്ക് വൃക്ഷത്തൈകളുടെ ജലസേചനത്തിന് ഒരു വർഷത്തേക്ക് മാത്രമാണ് നിലവിൽ സഹായം അനുവദിക്കുന്നത്. മേല്പറഞ്ഞ പദ്ധതിക്ക് ജലസേചനത്തിന് രണ്ട് വർഷത്തേക്ക് കൂടി സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**പ്രോജക്ട് സാറ്റർഡേ പദ്ധതി**

529 ശ്രീ. വർക്കല കഹാർ
,, സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രോജക്ട് സാറ്റർഡേ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) വനം വന്യജീവി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തുവാനുള്ള സംവിധാനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ നടപടി

530 ശ്രീ. സണ്ണി ജോസഫ്
,, അൻവർ സാദത്ത്
,, ഷാഫി പറമ്പിൽ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വേ പ്രകാരം കേരളത്തിന്റെ വനവിസ്തൃതി കുറഞ്ഞു വരുന്നതായ റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) വനനശീകരണവും കയ്യേറ്റങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) വേനൽക്കാലത്ത് കാട്ടുതീ മൂലം ഉണ്ടാകുന്ന വനനശീകരണം തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; കാട്ടുതീ തടയുവാനുള്ള ഫയർലൈൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) വനഭൂമിയിൽ താമസക്കാരായ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**12.06.2012 -ലെ മറുപടിക്ക്**

**<u>ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുന:സംഘടന</u>**

531 **ശ്രീ. കെ. ശിവദാസന്‍ നായര്‍**
**,, വര്‍ക്കല കഹാര്‍**
**,, സണ്ണി ജോസഫ്**
**,, അന്‍വര്‍ സാദത്ത്**

**താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്**
**വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി**
**സദയം മറുപടി നല്‍കുമോ:**

(എ) **വനപരിപാലനത്തിനും ജൈവവൈവിധ്യം കാത്ത് സൂക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;**

(ബി) **ഇതിനായി ഫോറസ്റ്റ് സ്റ്റേഷനുകള്‍ ആരംഭിച്ചിട്ടുണ്ടോ;**

(സി) **പോലീസ് സ്റ്റേഷന്‍ മാതൃകയില്‍ നിലവിലുള്ള ഫോറസ്റ്റ് സ്റ്റേഷനുകളും സെക്ഷനുകളും പുന:സംഘടിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ

532

ശ്രീ. കെ. കെ. ജയചന്ദ്രൻ
,, പി. റ്റി. എ. റഹീം
,, രാജു എബ്രഹാം
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനം വകുപ്പിന്റെ കീഴിലുള്ള വനം വിജിലൻസ് വിംഗിന്റെ പ്രവർത്തനോദ്ദേശ്യങ്ങൾ, ഘടന എന്നിവ വ്യക്തമാക്കുമോ;

(ബി) വ്യാജ രേഖ ചമച്ച് വകുപ്പിന്റെ എസ്റ്റേറ്റുകൾ വിൽപ്പന നടത്തുന്നതും മരം മുറിക്കുന്നതും മറ്റും തടയാൻ നടപടി സ്വീകരിക്കുന്നതിന് വനം വിജിലൻസ് വിംഗ് തയ്യാറാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ഘടനയിൽ മാറ്റം വരുത്തി വനം വിജിലൻസ് വിംഗ് ശക്തിപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കേരള സംസ്ഥാന വനം വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

**533** **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**
**,, കെ. ശിവദാസൻ നായർ**
**,, വർക്കല കഹാർ**
**,, സണ്ണി ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വനം വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കോർപ്പറേഷന്റെ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനായി വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ഗ്രീൻ പൂങ്കാവനം പദ്ധതി</u>

534 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രീൻ പൂങ്കാവനം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ശബരിമല തീർത്ഥാടനം പരിസ്ഥിതി സൗഹൃദവും മാലിന്യമുക്തവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വിജയപ്രദമാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>വനം വകുപ്പിന് ലഭിച്ച ഫണ്ടും ചെലവഴിച്ച തുകയും</u>**

535 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കഴിഞ്ഞ വർഷം ലഭിച്ച പ്ലാൻ ഫണ്ട് തുകയും അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) വനം വകുപ്പിനു കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തെല്ലാമാണ് ; ഓരോ പദ്ധതിക്കും കേന്ദ്രം എന്തു തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വനം വകുപ്പിന്റെ ഓരോ ഹെഡിലും ലഭിച്ച തുകയിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വനംവകുപ്പ് ഉദ്യോഗസ്ഥരുടെ കൃത്യനിർവ്വഹണം</u>

536 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനസമ്പത്ത് കാത്തു സൂക്ഷിക്കുവാൻ വനം വകുപ്പിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥരാണ് സേവന മനുഷ്ഠിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗം ഉദ്യോഗസ്ഥർക്ക് എന്തൊക്കെ ആധുനിക ഉപകരണങ്ങളാണ് കൃത്യനിർവ്വഹണത്തിനായി നൽകിയിട്ടുള്ളത്;

(സി) വനം വകുപ്പ് ഉദ്യോഗസ്ഥർക്കും ഓഫീസുകൾക്കും നേരെ ഉണ്ടാകുന്ന കയ്യേറ്റങ്ങൾ ഫലപ്രദമായി തടയുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**തവനൂർ പ്രദേശത്തെ കാവുകളുടെ സംരക്ഷണം**

**537** **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തവനൂർ നിയോജക മണ്ഡലത്തിലെ കാവുകൾ സംരക്ഷിക്കുന്നതിനായി എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;**

(ബി) **എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കാവുകളുടെ സംരക്ഷണം**

538 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാവുകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്;

(ബി) കാവുകളുടെ സംരക്ഷണം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പത്തനംതിട്ട ജില്ലയിൽ പ്രസ്തുത പദ്ധതിപ്രകാരം സംരക്ഷിക്കുന്നതിനായി നിലവിൽ പരിഗണിച്ചിട്ടുള്ള കാവുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണം**

539 **ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വനങ്ങളിലെ ജൈവ വൈവിദ്ധ്യ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വിശദമാക്കുമോ;

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ-സസ്യാദികളുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വനത്തിലുള്ള അപൂർവ്വ ഇനം ഓർക്കിഡുകൾ സംരക്ഷിക്കുന്നതിന് നടപടി**

540 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വനത്തിൽ വിവിധ ഭാഗങ്ങളിൽ അപൂർവ്വ ഇനം ഓർക്കിഡുകൾ കണ്ടെത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അപൂർവ്വ ഇനം ഓർക്കിഡുകളെ കൂടുതലായി കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>അന്യാധീനപ്പെട്ട വനഭൂമി</u>**

541 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കേരളത്തിലെ അന്യാധീനപ്പെട്ട വനഭൂമികൾ സംരക്ഷിക്കണമെന്നതു സംബന്ധിച്ച കോടതി വിധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **എങ്കിൽ വനഭൂമി കയ്യേറ്റക്കാരിൽ നിന്നും തിരിച്ചു പിടിക്കാനും സംരക്ഷിക്കാനും എന്തെല്ലാം നടപടി കാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഔഷധി തോട്ടത്തിന്റെ പ്രവർത്തനം**

**542** **ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഔഷധി തോട്ടത്തിന്റെ നടത്തിപ്പ് മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഔഷധതോട്ടം തെന്മല ഇക്കോ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി വിപുലീകരിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുമോ ?

# കേരള നിയമസഭ
# 12.06.2012 -ലെ മറുപടിക്ക്

## കലവറ മണൽ വിതരണം

543 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

വനം വകുപ്പിന്റെയും നിർമ്മിതിയുടെയും സംയുക്താഭിമുഖ്യത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കലവറ മണൽ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുളളതെന്നും സ്ഥാപനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**അങ്കമാലിയിലെ റോഡ് വികസനം - വൃക്ഷങ്ങള്‍ മുറിച്ചു മാറ്റുന്നതിന് അനുമതി**

544 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) അങ്കമാലിയിലെ ക്യാംപ് ഷെഡ് റോഡിലെയും മഞ്ഞപ്ര റോഡിലെയും വൃക്ഷങ്ങള്‍ റോഡ് വികസനത്തിനായി മുറിച്ചുമാറ്റുന്നതിന് പൊതുമരാമത്ത് വകുപ്പ് സമര്‍പ്പിച്ചിട്ടുള്ള അപേക്ഷയില്‍ നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുവാന്‍ നടപടി സ്വീകരിക്കുമോ ;

(സി) എങ്കില്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്ന നടപടികള്‍ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**അങ്കമാലിയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ**

**545 ശ്രീ. ജോസ് തെറ്റയിൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമെന്നും അവയിൽ പുനരുദ്ധാരണ പ്രവർത്തികൾക്ക് അനുവാദം നൽകിയിട്ടുള്ള റോഡുകൾ ഏതെല്ലാമെന്നും വിശദമാക്കാമോ ;

(ബി) വനം വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവാദം നൽകാത്തതിനാൽ പൊതുജനങ്ങൾ നേരിടുന്ന യാത്രാക്ലേശം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) മേല്പറഞ്ഞ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവാദം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**വനംവകുപ്പിൽ നിന്നും മില്ല്/ഫർണിച്ചർ യൂണിറ്റുകൾക്ക് എൻ.ഒ.സി നൽകൽ**

546 **ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വനം വകുപ്പിൽ നിന്നും എത്ര മില്ലുകൾക്ക്/ഫർണിച്ചർ യൂണിറ്റുകൾക്ക് എൻ.ഒ.സി നൽകിയിട്ടുണ്ടെന്നും, എത്ര അപേക്ഷകൾ പെൻഡിംഗിലുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) എൻ.ഒ.സി വിതരണത്തിൽ വളരെയധികം കാലതാമസം നേരിടുന്നു എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കാലതാമസം ഒഴിവാക്കി എൻ.ഒ.സി. ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചെറുപുഴ പഞ്ചായത്തിൽ കാട്ടാനയുടെ ആക്രമണം**

547 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപുഴ പഞ്ചായത്തിലെ കർണ്ണാടക ഫോറസ്റ്റ് അതിർത്തിയിൽ താമസിക്കുന്നവരുടെ കാർഷിക വിളകൾ വ്യാപകമായി കാട്ടാന കയറി നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനു പരിഹാരമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 12.06.2012 -ലെ മറുപടിക്ക്

**വന്യജീവികളിൽ നിന്നുള്ള ആക്രമണം**

548 **ശ്രീ. എം. വി. ശ്രേയാംസ് കുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വന്യജീവികളിൽ നിന്നുള്ള ആക്രമണം മൂലം വ്യാപകമായ കൃഷിനാശവും ജീവഹാനിയും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വന്യജീവി ആക്രമണം തടയുന്നതിന്റെ ഭാഗമായി വയനാട് ജില്ലയിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കുമോ ;

(സി) കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വനാതിർത്തിയോടു ചേർന്നുള്ള പ്രദേശത്തുള്ള കൃഷിയിടങ്ങളെ വന്യമൃഗങ്ങളുടെ ശല്യത്തിൽ നിന്ന് സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### സ്കൂൾ കായികമേള

549 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്കൂൾ മീറ്റിലെ നിലവാരത്തകർച്ചയ്ക്ക് പ്രധാന കാരണം കായിക പരിശീലകർക്ക് വേണ്ട പരിശീലനം കിട്ടുന്നില്ല എന്നതാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായിക പരിശീലകർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം വിദ്യാഭ്യാസ വകുപ്പും സ്പോർട്സ് കൗൺസിലും ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ;

(ബി) കാണികൾ വെയിലത്ത് ഗ്യാലറിയിൽ ഇരുന്ന് മീറ്റുകൾ കാണുന്നതിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഗ്യാലറികളിൽ പന്തൽ കെട്ടി കൂടുതൽ കാണികളെ ആകർഷിച്ച് താരങ്ങളെ പ്രചോദിപ്പിക്കുവാൻ അടുത്ത കായികമേള മുതൽ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### ദേശീയ ഗെയിംസ്

550 ശ്രീ. പി. എ. മാധവൻ
,, കെ. മുരളീധരൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അടുത്ത ദേശീയ ഗെയിംസ് എന്നുമുതൽ നടത്തുവാനാണ് കേന്ദ്രസർക്കാർ അനുമതി നൽകിയിരിക്കുന്നത്;

(ബി) ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(സി) ഗെയിംസിന്റെ നടത്തിപ്പിനായി കേന്ദ്രസർക്കാർ എന്തെല്ലാം സഹായങ്ങളാണ് വാഗ്ദാനം ചെയ്തിട്ടുളളതെന്ന് വിശദമാക്കാമോ;

(ഡി) അടുത്ത ദേശീയ ഗെയിംസിൽ മെച്ചപ്പെട്ട പ്രകടനത്തിനായി കേരളത്തിലെ സ്പോർട്സ് താരങ്ങൾക്ക് എന്തെല്ലാം പരിശീലന പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കേരളത്തിലെ അംഗീകൃത കളരിപ്പയറ്റ് സംഘങ്ങൾക്ക് ധനസഹായം**

551 **ശ്രീ. ചിറ്റയം ഗോപകുമാർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗീകൃത കളരിപ്പയറ്റ് സംഘങ്ങളുടെ നിലവിലുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് സർക്കാർ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത മാനദണ്ഡങ്ങൾ പാലിച്ചാണോ എല്ലാ കളരിപ്പയറ്റ് സംഘങ്ങൾക്കും ധനസഹായം ലഭ്യമാക്കുന്നത്; വിശദാംശം അറിയിക്കുമോ;

(ഡി) കളരിപ്പയറ്റ് സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) കളരിപ്പയറ്റ് സംഘങ്ങളിൽ നിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ട എത്ര അപേക്ഷകൾ നിലവിൽ പരിഗണനയിലുണ്ട്. ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ;

(എഫ്) നിലവിൽ പരിഗണനയിലുള്ള ഇത്തരം അപേക്ഷകളിന്മേൽ അർഹരായ സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**

**12.06.2012 -ലെ മറുപടിക്ക്**

**<u>കരാട്ടെയ്ക്ക് ഔദ്യോഗിക അംഗീകാരം</u>**

**552 ശ്രീ. ബി. സത്യന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ കരാട്ടെയെ ഔദ്യോഗിക അംഗീകാരമുള്ള കായിക ഇനങ്ങളുടെ പട്ടികയില്‍ ഉള്‍പ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കില്‍ ഇതിനായി നടപടികള്‍ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുട്ബാൾ അക്കാഡമി**

553 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരിയിൽ നിർമ്മാണ പ്രവർത്തനം നടക്കുന്ന ജില്ലാ സ്പോർട്സ് കോംപ്ലക്സ് ആന്റ് ഫുട്ബാൾ അക്കാഡമി എന്നു മുതൽ പ്രവർത്തനം ആരംഭിച്ച് കുട്ടികൾക്ക് പരിശീലനം നൽകാനാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് പരിശീലനത്തിനായി ഒരുക്കുന്നത് ;

(സി) എത്ര കായിക താരങ്ങൾക്ക് ഇവിടെ താമസസൗകര്യം ഒരുക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു ;

(ഡി) ഏതെല്ലാം കായിക ഇനങ്ങൾക്കാണ് ഇവിടെ പരിശീലന സൗകര്യം ഒരുക്കാനാവുകയെന്ന് അറിയിക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

### പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം

554 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ഒരു വർഷമായി മുടങ്ങിക്കിടക്കുകയാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇൻഡോർ സ്റ്റേഡിയനിർമ്മാണ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) സ്റ്റേഡിയം നിർമ്മാണപ്രവർത്തനം പുനരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ചാലക്കുടിയിലെ സ്റ്റേഡിയം നിർമ്മാണം**

555 **ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി, ജില്ലാ ബാങ്കിൽ നിന്നും 2 1/2 കോടി രൂപ വായ്പയെടുത്ത്, ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി വാങ്ങിയ സ്ഥലത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ നായരങ്ങാടി ഗവ: യു. പി. സ്കൂൾ ഗ്രൗണ്ട് വീതികൂട്ടി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കായിക-യുവജന മന്ത്രാലയത്തിന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് വഴി നൽകിയിരുന്ന അപേക്ഷ പരിഗണനയിലുണ്ടോ; ആയത് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>മാവേലിക്കരയിൽ സ്റ്റേഡിയം</u>

556

**ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മാവേലിക്കരയിൽ ഒരു സ്റ്റേഡിയം ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;**

(ബി) **മാവേലിക്കരയിൽ ദേശീയ നിലവാരത്തിലുള്ള ഒരു വോളിബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?**

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

ഫുട്ബാൾ ടൂർണമെന്റുകൾ പുനരാരംഭിക്കുന്നതിന് നടപടി

557 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന് വന്നിരുന്ന കോഴിക്കോട് സേഠ് നാഗ്ജി ട്രോഫി, തൃശ്ശൂരിലെ ചക്കോള ട്രോഫി, കണ്ണൂരിലെ ശ്രീനാരായണ ട്രോഫി, കോട്ടയത്തെ മാമ്മൻമാപ്പിള ട്രോഫി, തിരുവനന്തപുരത്തെ ജി. വി. രാജ ട്രോഫി എന്നീ ടൂർണമെന്റുകൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത്തരം ടൂർണമെന്റുകൾ നിലച്ചുപോയതും, മികച്ച ക്ലബുകളുടെ തകർച്ചയും സംസ്ഥാനത്തെ ഫുട്ബാൾ രംഗത്തിന്റെ അധ:പതനത്തിന് കാരണമായിട്ടുണ്ടോ ;

(സി) ഇത് കാരണം കളിക്കാർക്ക് മാച്ച് എക്സ്പീരിയൻസ് ലഭിക്കാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ടൂർണ്ണമെന്റുകൾ പുനരാരംഭിക്കുന്നതിനും ക്ലബ്ബുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സ്കൂള്‍ കളിസ്ഥലങ്ങള്‍</u>

558 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
വനവും സ്പോര്‍ട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സ്കൂള്‍ കളിസ്ഥലങ്ങള്‍ അഭിവൃദ്ധിപ്പെടുത്തുന്നതിന് സര്‍ക്കാര്‍ സഹായം നല്‍കുന്ന പദ്ധതി നിര്‍ത്തിവെച്ച കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കില്‍ കായിക വളര്‍ച്ചയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രസ്തുത പദ്ധതി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

## വിദ്യാലയങ്ങൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന പദ്ധതി

559 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങൾക്ക് സ്പോർട്സ് ഉപകരണങ്ങൾ നൽകുന്നതിന് സ്പോർട്സ് വകുപ്പ് സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ അത് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ അധ്യയന വർഷം എത്ര സ്കൂളുകൾ മേല്പറഞ്ഞ പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിച്ചു എന്നും എത്ര സ്കൂളുകൾക്ക് ധനസഹായം അനുവദിച്ചു എന്നും വെളിപ്പെടുത്തുമോ;

(ഡി) അവയുടെ പേര് വിവരവും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>സ്പോർട്സ് വകുപ്പിന് ലഭിച്ച ഫണ്ടും ചെലവഴിച്ച തുകയും</u>

560 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് വകുപ്പിന് കഴിഞ്ഞ വർഷം ലഭിച്ച പ്ലാൻ ഫണ്ട് തുകയും അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന വിശദാംശം ലഭ്യമാക്കുമോ ;

(ബി) സ്പോർട്സ് വകുപ്പിനു കീഴിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണ് ; ഓരോ പദ്ധതിക്കും കേന്ദ്രം അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) സ്പോർട്സ് വകുപ്പിന്റെ ഓരോ ഹെഡിലും കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച തുകയുടേയും ഓരോന്നിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെയും വിശദാംശം ലഭ്യമാക്കാമോ ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>വാട്ടർ സ്പോർട്സ് പദ്ധതി</u>

561 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി ബിയ്യം കായലിൽ ആരംഭിക്കാൻ തീരുമാനമെടുത്ത വാട്ടർ സ്പോർട്സ് പദ്ധതി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കുമോ?

(ബി) പ്രസ്തുത പദ്ധതി എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**സംസ്ഥാനത്തെ നീന്തൽക്കുളങ്ങളുടെ നവീകരണം**

562

**ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നീന്തൽക്കുളങ്ങളുടെ നവീകരണത്തിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സംസ്ഥാനത്തെ നീന്തൽക്കുളങ്ങളുടെ ശോചന്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ വർഷം സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എവിടെയൊക്കെയാണ് പുതിയ നീന്തൽക്കുളങ്ങൾ ആരംഭിക്കുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ദേശീയ ഗെയിംസ്- നീന്തൽക്കുളത്തിനായി കേന്ദ്രസഹായം**

**563 ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഗെയിംസിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാരിൽ നിന്നും സഹായധനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ഇതേവരെ ലഭിച്ചു എന്നും അതിൽ എത്ര ചെലവഴിച്ചു എന്നും വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് തിരുവനന്തപുരം വാട്ടർ വർക്സ് സ്വിമ്മിംഗ് പൂളിന്റെ നവീകരണത്തിനും, പുതിയ കുളം നിർമ്മിക്കുന്നതിനും എത്ര തുക നൽകുകയും ചെലവഴിക്കുകയും ചെയ്തു എന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഏതെങ്കിലും നീന്തൽക്കുളം തിരുവനന്തപുരത്ത് പ്രവർത്തനക്ഷമമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രവർത്തനക്ഷമമായിരുന്ന നീന്തൽക്കുളം പൊളിച്ചത് എന്നാണ്; പുതിയ കുളം നിർമ്മിക്കും മുൻപ് അത് പൊളിച്ചതിന് ഉത്തരവാദികൾ ആരെല്ലാമാണ് എന്ന് വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

<u>ദേശീയ ഗെയിംസിന്റെ നടത്തിപ്പ്</u>

564 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളം ആകാംക്ഷയോടെ കാത്തിരിക്കുന്ന ദേശിയ ഗെയിംസിന്റെ ഒരുക്കങ്ങളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) പ്രധാന വേദികൾ എവിടെയെല്ലാമാണ് ക്രമീകരിക്കുന്നതെന്നുള്ള വിശദവിരങ്ങൾ നൽകുമോ;

(സി) ഗെയിംഗിന്റെ ഭാഗമായി കേരളത്തിന്റെ സ്പോർട്സ് ശാക്തീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്പോർട്സിന്റെ വികസന പ്രവർത്തനങ്ങൾക്കായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**<u>സിനിമാ വ്യവസായത്തിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക</u>**

565 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സിനിമാവ്യവസായത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം ലഭിച്ച പ്ലാൻ ഫണ്ട് തുകയും അതിൽ 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് വിശദാംശം ലഭ്യമാക്കുമോ ;

(ബി) സിനിമാവ്യവസായത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതികൾ നിലവിലുണ്ടോ ; എങ്കിൽ അതിൽ ഓരോ പദ്ധതിക്കും കേന്ദ്ര വിഹിതമായി എന്തു തുക ലഭിച്ചു ;

(സി) സിനിമാവ്യവസായത്തിന്റെ ഓരോ ഹെഡിലും 2012 മാർച്ച് 31 വരെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**ഇതര ഭാഷാ സിനിമ ചെയ്ത് ദേശീയ അവാർഡ് നേടിയ മലയാളി കലാകാരന്മാരെ ആദരിക്കൽ**

**566 ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **മറ്റുഭാഷകളിൽ സിനിമചെയ്ത് ദേശീയ അവാർഡുകൾ നേടുന്ന മലയാളികളായ കലാകാരന്മാരെ സംസ്ഥാന സർക്കാർ ആദരിക്കാറുണ്ടോ ;**

(ബി) **ഉണ്ടെങ്കിൽ ബ്യാരി ഭാഷയിൽ ആദ്യസിനിമ സംവിധാനം ചെയ്ത് സുവർണ്ണകമലം നേടിയ സംവിധായകൻ സുവീരനെ ആദരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?**

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**കെ.എസ്.എഫ്.ഡി.സി.യുടെ സിനിമാ തിയേറ്ററുകൾ**

567 **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള സിനിമാ തീയറ്ററുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം തീയറ്ററുകളിലാണ് സൗകര്യവർദ്ധന ഇപ്പോൾ നടന്നുവരുന്നത്; ഇത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2012 -ലെ മറുപടിക്ക്

**തീയറ്റർ ക്ലാസിഫിക്കേഷന്റെ ഫലങ്ങൾ**

**568**

**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തീയറ്റർ ക്ലാസിഫിക്കേഷനിൽ എത്ര തീയറ്ററുകൾ യോഗ്യത നേടിയിട്ടുണ്ട്;

(ബി) തീയറ്റർ ക്ലാസിഫിക്കേഷൻ പ്രകാരം യോഗ്യത നേടിയ തീയറ്ററുകൾ നവീകരിക്കുന്നതിന് ഉടമകൾക്ക് ശരാശരി എത്ര തുക ചെലവായിട്ടുണ്ടാകും എന്ന് വ്യക്തമാക്കുമോ;

(സി) ക്ലാസിഫൈ ചെയ്ത തീയറ്ററുകൾക്ക് പുതിയ ചിത്രങ്ങൾ പ്രദർശനത്തിന് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരളത്തിൽ സിനിമ റിലീസിംഗ് കേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിനുള്ള തീരുമാനം എടുക്കുന്നത് ആരാണെന്ന് വ്യക്തമാക്കുമോ ?